


# ലൈംഗിക വിജ്ഞാന പഠനത്തിന്റെ അനിവാര്യത



സന്ധ്യാറാണി.എൽ
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
നന്തൻകോട്, തിരുവനന്തപുരം &
ചങ്ങനാശ്ശേരി, കോട്ടയം
ഫോൺ: 9387613503
www.consolace.com

മനുഷ്യ ജീവിതത്തിൽ ഏറ്റവും സമ്മോഹനമായ കാലഘട്ടമാണ് കൗമാരം. സ്വപ്നങ്ങളും ആഗ്രഹങ്ങളും ജീവിതാഭിലാഷങ്ങളുമെല്ലാം പിറവിയെടുക്കുന്ന കാലം. പക്ഷേ സൂക്ഷിച്ചില്ലെങ്കിൽ ജീവിതത്തിലെ ഏറ്റവും അപകടമേറിയ കാലഘട്ടവുമാണിത്. വിദ്യാർഥികളെ സംബന്ധിച്ച് അവർക്ക് അവരുടെ ശരീരത്തെക്കുറിച്ചും എതിർ ലിംഗത്തിലുള്ളവരെക്കുറിച്ചും ചിന്തകളുണരുന്ന സമയം കൂടിയാണ് കൗമാരം.

സാങ്കേതികവിദ്യ അതിന്റെ എല്ലാവിധ സൗകര്യങ്ങളോടെയും വിദ്യാർഥി ജീവിതത്തിന്റെ ഭാഗമാകുമ്പോൾ അവയിൽനിന്നടക്കം നേടുന്ന അറിവിനെശരിയായ രീതിയിലാണോ ഗ്രഹിക്കുന്നതെന്നു ബോധ്യപ്പെടുത്താൻ ആധികാരികമായ ചില ബോധ്യപ്പെടുത്തലുകൾ അനിവാര്യമാണ്. അത്തരം ഇടപെടലുകളാണു ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രസക്തിയിലൂടെ അർഥമാക്കുന്നത്. മാതാപിതാക്കൾ പലപ്പോഴും കൗമാരക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിൽ പരാജയപ്പെടാറുണ്ട്. കുട്ടികൾ വലുതാകുമ്പോൾ എല്ലാം മനസ്സിലാക്കിക്കോളും എന്ന ധാരണയിലാണ് അവർ കഴിഞ്ഞുകൂടുന്നത്. എന്നാൽ ഇതു തെറ്റാണെന്ന് ആദ്യം തന്നെ പറയട്ടെ. കൗമാരപ്രായത്തിൽ കുട്ടികളിൽ ലൈംഗിക വികാരമുണ്ടാകുന്നത് തെറ്റല്ല. ശാരീരികവും വൈകാരികവുമായ വളർച്ചയും വികാസവും കൗമാരപ്രായത്തിന്റെ പ്രത്യേകതയാണ്. കൗമാര പ്രായത്തിൽ ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഹോർമോണുകൾ ലൈംഗിക

**ലൈംഗിക അറിവുകൾ പകർന്നു നൽകുന്നതിനപ്പുറം കുട്ടികൾക്കുനേരെയുണ്ടാകുന്നഏതുതരം ചൂഷണവും പ്രതിരോധിക്കാനുള്ള കഴിവുകളെക്കുറിച്ചും അവരെബോധ്യപ്പെടുത്താൻ കഴിയണം. മലയാളി സമൂഹം ഒരുപരിധിവരെയെങ്കിലും പിന്തുടരുന്ന കപട സദാചാരത്തിന്റെ കുരുക്ക് അഴിച്ചുമാറ്റാൻ തുടക്കമിടേണ്ടതും ക്ലാസ്മുറികളിൽനിന്നുതന്നെ. സമഗ്രവും ആധികാരികവുമായ അവബോധം പ്രദാനം ചെയ്യുന്നതിലൂടെ മാത്രമേ സദാചാര വിരുദ്ധ സമൂഹത്തിനു മാതൃകയാകാനും നമ്മുടെ കുട്ടികൾക്കു കഴിയൂ.**

വികാരത്തെ ഉത്തേജിപ്പിക്കുന്നു. കൗമാര കാലഘട്ടത്തിൽ ആൺകുട്ടികൾക്ക് പെൺകുട്ടികളോടും പെൺകുട്ടികൾക്ക് ആൺകുട്ടികളോടും ലൈംഗിക ആകർഷണം ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ അമിതവും അനിയന്ത്രിതവുമായ ലൈംഗികാഭിനിവേശം കുട്ടികളെ തെറ്റുകളിലേക്ക് നയിക്കാൻ ഇടയാക്കും. മദ്യവും മയക്കുമരുന്നുംപോലെ, കുട്ടികളെ വഴിതെറ്റിക്കുന്ന മറ്റൊരു ലഹരിയാണ് തെറ്റായ രീതിയിലുള്ള ലൈംഗികത. അതുകൊണ്ടുതന്നെ അവർക്കു ഇതിനെക്കുറിച്ചു ശരിയായ ബോധവത്കരണം നൽകേണ്ടതുണ്ട്.

## വികലമായ അറിവുകൾ അപകടം

സമൂഹത്തിനു ലൈംഗിക ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി വിദ്യാർഥികൾക്കു സ്കൂൾ തലത്തിൽ ലൈംഗിക വിദ്യാഭ്യാസം നൽകുന്നത് ഉചിതമായിരിക്കുമെന്നാണ് ഇന്നു പൊതുവേ ഉയരുന്ന അഭിപ്രായം. പഠനത്തോടൊപ്പം ലൈംഗികതയെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാട് ലഭിക്കാൻ സഹായകമാകുന്ന രീതിയിൽ വിദ്യാഭ്യാസരീതി പരിഷ്കരിക്കണം എന്ന ആവശ്യത്തിന് ഒരു ദശകത്തിലധികം പഴക്കമുണ്ട്. മാറിയ കാലഘട്ടത്തിൽ കുട്ടികൾ ഇന്റർനെറ്റ്, മൊബൈൽ ഫോൺ സംവിധാനങ്ങളിൽ നിന്നും ചുറ്റുമുള്ള സുഹൃത്തുക്കളിൽനിന്നും ബന്ധുക്കളിൽ നിന്നുമെല്ലാംലൈംഗികതയുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ മസിലാക്കുന്നുണ്ട്. എന്നാൽ ഇതിൽ പലതും ശരിയായ രീതിയിൽ അല്ലാത്തതിനാൽ അവർ തെറ്റായ വഴിയിലേക്കു തിരിയാൻ സാധ്യത ഏറെയാണ്. കൗമാരപ്രായത്തിൽ ഇന്റർനെറ്റും സിനിമകളും നൽകുന്ന വികലമായ അറിവുകളാണു യൗവനത്തിന്റെ ഒരുഘട്ടംവരെ കുട്ടികളെ നയിക്കുന്നത്. ലൈംഗിക ആവശ്യങ്ങൾക്കായി ഇന്റർനെറ്റ് ദുരുപയോഗം ചെയ്യുന്ന കൗമാരക്കാരുടെ എണ്ണം കേരളത്തിൽ വർധിക്കുകയാണെന്നു സർവേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. സംസ്ഥാനത്തെ ഇരുപത്തിയഞ്ച് ശതമാനത്തോളം കുട്ടികളും അശ്ലീല വെബ്സൈറ്റുകൾ വീക്ഷിക്കാനായിമാത്രം ഇൻറർനെറ്റ് ഉപയോഗിക്കുന്നുവത്രേ. ഇവരിൽ ഭൂരിഭാഗവും വീട്ടിനുള്ളിലെ കമ്പ്യൂട്ടറും ചിലർ മൊബൈൽ ഫോണും ആയുധമാക്കുന്നു. കൂടാതെ ലൈംഗിക ആഭാസങ്ങൾ അരങ്ങു തകർക്കുന്ന സി







നിമകളും ടെലിവിഷൻ ദൃശ്യങ്ങളും പരസ്യങ്ങളും കുട്ടികളെ വികലമായ മാനസികാവസ്ഥയിലേക്ക് നയിക്കുന്നു. വിവാഹത്തിന് മുമ്പ് ലൈംഗിക ബന്ധം തെറ്റല്ല എന്ന വിധത്തിലുള്ള സന്ദേശം പ്രചരിപ്പിക്കുന്ന ചാനൽ ചർച്ചകളും പത്രവാർത്തകളും ചില വനിതാ മാസികകളിലെ ഫീച്ചറുകളും കുട്ടികളെ ലൈംഗികതയുടെ തെറ്റായ വഴികളിലേക്ക് നയിക്കുകയാണ്.

## ക്ലാസ് മുറികൾ മാതൃകയാകണം

വിവിധ സാഹചര്യങ്ങളിൽ നിന്നും കുട്ടികൾ മനസിലാക്കുന്ന തെറ്റായ കാര്യങ്ങളെയും അവരുടെ ഉള്ളിൽ ഉറച്ചുപോകുന്ന തെറ്റായ അറിവുകളെയും തിരുത്താൻ വിദ്യാലയങ്ങളിൽതന്നെ ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകാൻ സാധിക്കണം. അതിന് പാഠ്യപദ്ധതിയിൽ ലൈംഗികത ഒരു വിഷയമായി ഉൾപ്പെടുത്തുകയും പക്വതയോടെ കുട്ടികൾക്കുമുന്നിൽ ഇക്കാര്യം പറഞ്ഞുനൽകാൻ പ്രാപ്തരായ അധ്യാപകരുണ്ടാവുകയും വേണം. ബോധവത്കരണം ലൈംഗിക അറിവുകൾ പകർന്നു നൽകുന്നതിൽ ഒതുക്കുന്നതിനപ്പുറം അവർക്കുനേരെയുണ്ടാകുന്ന ഏതുതരം ചൂഷണവും പ്രതിരോധിക്കാനുള്ള കഴിവുകളെക്കുറിച്ചും ബോധ്യപ്പെടുത്താൻ കഴിയണം. മലയാളി സമൂഹം ഒരു പരിധിവരെയെങ്കിലും പിന്തുടരുന്ന കപട സദാചാരത്തിന്റെ കുരുക്ക് അഴിച്ചുമാറ്റാൻ തുടക്കമിടേണ്ടതും ക്ലാസ്മുറികളിൽനിന്നുതന്നെ. സമഗ്രവും ആധികാരികവുമായ അവബോധം പ്രദാനം ചെയ്യുന്നതിലൂടെ മാത്രമേ സദാചാര വിരുദ്ധ സമൂഹത്തിനു മാതൃകയാകാനും നമ്മുടെ കുട്ടികൾക്കു കഴിയൂ. കൗമാരകാലത്ത് കുട്ടികളിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ മാറ്റങ്ങൾ, കൗമാരകാലത്തെ ലൈംഗിക ചിന്തകൾ, ലൈംഗികത നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം, തെറ്റായ ലൈംഗികത വഴി പകരുന്ന മാരക വിപത്തുകൾ, ലൈംഗിക വൈകൃതങ്ങൾ, എതിർലിംഗത്തോടുള്ള മനോഭാവം, സദാചാരബോധം വളർത്തേണ്ടതിന്റെയും പാലിക്കേണ്ടതിന്റെയും ആവശ്യകത തുടങ്ങി ഒട്ടേറെ കാര്യങ്ങൾ കൗമാരപ്രായത്തിൽതന്നെ കുട്ടികൾക്കു വിശദീകരിക്കേണ്ടതാണ്. ലൈംഗികത സംബന്ധിച്ച് ശരിയായ ബോധം ലഭിക്കാനും മികച്ച രീതിയിൽ പെരുമാറാനും കുട്ടികൾക്കു കഴിയണം. ഇതിനു പാകമാകുന്ന തരത്തിലുള്ള ലൈംഗിക വിദ്യാഭ്യാസമാണു ക്ലാസ് മുറികളിൽ നൽകേണ്ടത്.

**കുട്ടികൾക്കു ലൈംഗികവിജ്ഞാനം നൽകുന്നതു അവരുടെ കൗമാരകാലത്തെ ഭംഗിയായി തരണം ചെയ്യുന്നതിനൊപ്പം യൗവനവും വിവാഹജീവിതവുമൊക്കം വിജയകരമായി ഭവിക്കാൻ അതു സഹായകമാകും.**

## ബോധവത്കരണം അനിവാര്യം

കുട്ടികൾക്കു ശരിയായ ലൈംഗിക വിദ്യാഭ്യാസം പകർന്നുനൽകാൻ പരിമിതിയുണ്ടെന്നു വിശ്വസിക്കുന്നവരാണു കേരളീയരായ മാതാപിതാക്കളിൽ ഏറെയും. അതുകൊണ്ടു തന്നെ രക്ഷകർത്താവിന്റെ സ്ഥാനത്തുനിന്നുകൊണ്ട് ഇത്തരം അറിവുകൾ ആധികാരികമായി കുട്ടികൾക്കു പകർന്നു നൽകാൻ അധ്യാപകർക്കു മാത്രമേ കഴിയൂ. ജീവിതത്തിൽ സെക്സിനുള്ള മഹത്തായ സ്ഥാനം എന്താണെന്നു വ്യക്തമായി തിരിച്ചറിയാനും നിയന്ത്രിക്കാനും സഹായകമാകുന്ന രീതിയിലായിരിക്കണം വിവരങ്ങൾ അവരെ ധരിപ്പിക്കേണ്ടത്. ലൈംഗികത വിശാലമായ അർഥത്തിൽ എല്ലാ ജീവജാലങ്ങളിലുമുള്ള ജീവധർമ്മമാണെന്നു ബോധ്യപ്പെടുത്താൻ ശ്രമിക്കണം.

## പഠിപ്പിക്കാനും പക്വതവേണം

പാളിപ്പോയാൽ വൻതോതിൽ അരാജകത്വം ഉണ്ടാകാമെന്നതിനാൽ മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമായി തികഞ്ഞ പക്വതയോടെ മാത്രം കൈകാര്യം ചെയ്യേണ്ടതാണു ലൈംഗിക വിദ്യാഭ്യാസം. ഇ



ത്തരം പാഠ്യപദ്ധതിയിലും നടത്തിപ്പിലും ഏറെ സൂക്ഷ്മത പാലിച്ചില്ലെങ്കിൽ വെളുക്കാൻ തേച്ചത് പാണ്ടാകുന്ന ദുരിതാവസ്ഥയിലാകും. ഈ വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ പക്വതയും അവതരണശൈലിയും ഏറെ പ്രധാനമാണ്.

### വാർത്തകൾ വാസ്തവമാണ്, അവഗണിക്കരുത്

ആൺ, പെൺ വ്യത്യാസമില്ലാതെ കുട്ടികൾ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന നിരവധി വാർത്തകളാണ് ദിവസേനമാധ്യമങ്ങളിലൂടെ പുറത്തുവരുന്നത്. അത് സ്വന്തം വിട്ടിലായാലും അയൽവീടുകളിലായും ബന്ധുഗൃഹങ്ങളിലായാലും അരങ്ങേറിയതാകാം. ഈ വാർത്തകളിൽ പ്രതിപാദിപ്പിക്കപ്പെടുന്ന ഇരയാക്കപ്പെട്ട കുട്ടികൾക്കു നേരിടേണ്ടിവന്ന ദുരനുഭവം പോലെ, അതേ മാനസികാവസ്ഥതന്നെയാണ് ഇത്തരം വാർത്തകൾ ശ്രവിക്കേണ്ടിവരുന്ന മറ്റുകുട്ടികളുടെയും ഉള്ളിൽ രൂപംകൊള്ളുന്നത്. അകാരണമായ ഭയം ഉൾപ്പടെ, സമാനമായ സാഹചര്യത്തിൽ അകപ്പെടേണ്ടി വരുമോ എന്ന ആശങ്കയും അവർക്കുണ്ടായേക്കാം. ഈ സാഹചര്യത്തിൽ സ്വയം പ്രതിരോധത്തിനായെങ്കിലും വ്യക്തമായ ലൈംഗിക ബോധവത്കരണം കുട്ടികൾക്കു ലഭ്യമാക്കേണ്ടതാണ്. അതേസമയം ഇവിടെ കുട്ടികൾ ഇരയാക്കപ്പെടുകയാണെങ്കിൽ, കുട്ടികൾ തന്നെ സമാനകുറ്റകൃത്യത്തിൽ പ്രതികളാകുന്ന സംഭവങ്ങളും വിരളമല്ല. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ കേസ് പട്ടിക പരിശോധിച്ചാൽ ശിക്ഷിക്കപ്പെട്ട നല്ലൊരു ശതമാനം കുട്ടികളും ലൈംഗിക കുറ്റകൃത്യങ്ങൾക്കു വിധേയരായവരാണെന്നു മനസിലാക്കാം. ഇതിൽ ഭൂരിഭാഗവും മാതാപിതാക്കളുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്നവരാണ്.

### വഴിതെറ്റിക്കാൻ ആളുണ്ട്; പക്ഷേ വഴിതെറ്റരുതേ..

കൗമാരക്കാരെ, പ്രത്യേകിച്ച് പെൺകുട്ടികളെ വഴിതെറ്റിക്കാൻ സമൂഹത്തിൽ ചില വിഷവിത്തുകൾ പതിയിരുപ്പുണ്ടെന്നു ഓർമിക്കുക. അവർ നിങ്ങൾക്കു ചുറ്റുമോ സമൂഹത്തിൽ എവിടെയെങ്കിലുമോ അല്ലെങ്കിൽ ഇന്റർനെറ്റിലെ അജ്ഞാതയിടങ്ങളിലോ ഒക്കെ ചതിവല നെയ്തു കാത്തിരിക്കുന്നുണ്ടാകാം. വ്യക്തമായ അറിവില്ലായ്മകൊണ്ടുതന്നെ വഴി



തെറ്റിക്കാൻ ഇക്കൂട്ടർക്കു വളരെ എളുപ്പമായിരിക്കും. ഇത്തരം ചതികളിൽ അകപ്പെടാതിരിക്കാൻ കൗമാരക്കാർക്ക് ഹൈസ്കൂൾതലത്തിൽ തന്നെ ബോധവല്ക്കരണ പരിപാടികൾക്കു തുടക്കമിടുന്നത് നന്നായിരിക്കും.

### ശരിയായ ആരോഗ്യപരിചരണത്തിന്

സ്വന്തം ശരീരാവയവങ്ങളെക്കുറിച്ചുള്ള വ്യക്തമായ ബോധ്യമുണ്ടാകുന്നതിനൊപ്പം അവ ശുചിത്വത്തോടെ പരിചരിക്കേണ്ടതിന്റെ അനിവാര്യതയും ലൈംഗിക രോഗങ്ങൾ, അവ കാരണം ഉണ്ടാകുന്ന ദുരിതങ്ങൾ, സാമൂഹിക പ്രശ്ങ്ങൾ തുടങ്ങിയവയും കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. ആരോഗ്യബോധവത്കരണത്തിലും സാമൂഹ്യസുരക്ഷിതത്വത്തിലും അധിഷ്ഠിതമായ ലൈംഗിക വിജ്ഞാനം ഉൾക്കൊള്ളുന്ന ലക്ഷ്യബോധത്തോടെയുള്ള പാഠ്യപദ്ധതിയാണു ആവിഷ്കരിക്കേണ്ടത്.

### സാമൂഹിക അനിവാര്യത

കുട്ടികൾക്കു ലൈംഗികവിജ്ഞാനം നൽകുന്നതു അവരുടെ കൗമാരകാലത്തെ ഭംഗിയായി തരണം ചെയ്യുന്നതിനൊപ്പം യൗവനവും വിവാഹജീവിതവുമൊക്കം വിജയകരമായി ഭവിക്കാൻ അതു സഹായകമാകും. എതിർ ലിംഗത്തിലുള്ളവരെ മാന്യമായി കാണാനും സമീപി

സ്വന്തം ശരീരാവയവങ്ങളെക്കുറിച്ചുള്ള വ്യക്തമായ ബോധ്യമുണ്ടാകുന്നതിനൊപ്പം അവ ശുചിത്വത്തോടെ പരിചരിക്കേണ്ടതിന്റെ അനിവാര്യതയും ലൈംഗിക രോഗങ്ങൾ, അവ കാരണം ഉണ്ടാകുന്ന ദുരിതങ്ങൾ, സാമൂഹിക പ്രശ്ങ്ങൾ തുടങ്ങിയവയും കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. ആരോഗ്യബോധവത്കരണത്തിലും സാമൂഹ്യസുരക്ഷിതത്വത്തിലും അധിഷ്ഠിതമായ ലൈംഗിക വിജ്ഞാനം ഉൾക്കൊള്ളുന്ന ലക്ഷ്യബോധത്തോടെയുള്ള പാഠ്യപദ്ധതിയാണു ആവിഷ്കരിക്കേണ്ടത്.

ക്കാനും പക്വത നൽകാനും ഇതു സഹായിക്കും. സ്ത്രീ പുരുഷ സമത്വ മനോഭാവം സൃഷ്ടിക്കുന്നതിനും എതിർലിംഗത്തിലുള്ളവരും തനിക്കു തുല്യരാണെന്നുള്ള പൊതുബോധം നിലനിർത്തുന്നതിനും സ്കൂളുകളിൽനിന്നും നേടുന്ന ഈ അറിവ് ഉപകരിക്കുമെന്നതിലും തർക്കമില്ല. അതോടൊപ്പം തെറ്റായ ചിന്തകളെയും ദുഷ്പ്രവണതകളെയും മനസിൽനിന്നകറ്റി ശരിയായ സമൂഹജീവിയായി ജീവിക്കാനും ഇതു സഹായിക്കും.

## ബോധവത്കരണവും ചികിത്സയും കൗൺസിലിംഗും

അതേസമയം എയ്ഡ്സ് കൺട്രോൾ സൊസൈറ്റി അടക്കമുള്ള ആരോഗ്യ സംവിധാനങ്ങൾ സംഘടിപ്പിക്കുന്ന ബോധവത്കരണ ക്ലാസ്സുകൾ ഏറെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഇച്ഛാശക്തിയുള്ള തലമുറയെ വളർത്തിയെടുക്കാൻ രക്ഷിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിനും ബാധ്യതയുണ്ടെന്ന കാര്യം വിസ്മരിക്കരുത്. തെറ്റായ ലൈംഗിക പ്രവണതകൾമൂലം വഴിതെറ്റുന്ന കുട്ടികളിൽ ഉണ്ടാകുന്ന മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ നിരവധിയാണ്. ഇവർക്കു പഠനകാര്യങ്ങളിൽ ശ്രദ്ധ കുറയുകയും ക്രിമിനൽവാസനകൾ വർധിക്കുകയും ചെയ്യും. മുതിരുമ്പോൾ പീഡനക്കേസുകളിലും പെൺവാണിഭ കുറ്റകൃത്യങ്ങളിലും ഇടപെട്ട് പിടിക്കപ്പെടുകയും സമൂഹത്തിൽ വെറുക്കപ്പെട്ടവരായി ജീവിക്കേണ്ടിവരുന്ന സാഹചര്യവും ഉണ്ടായിക്കൂടെന്നില്ല. മാത്രമല്ല, വികലമായ ലൈംഗിക ധാരണകൾ വച്ചുപുലർത്തുന്ന കുട്ടികളുടെ ഭാവിയിലെ ദാമ്പത്യജീവിതം പരാജയപ്പെടാൻ ഇടയുണ്ടെന്നു മനശാസ്ത്ര വിദഗ്ധരും ചൂണ്ടിക്കാട്ടുന്നു. ചികിത്സ ആവശ്യമുള്ള തരത്തിൽ പെരുമാറ്റ പ്രശ്നങ്ങളും ലൈംഗിക വൈകല്യങ്ങളും പ്രകടിപ്പിക്കുന്ന കുട്ടികളെ നേർവഴിക്ക് നടത്തുന്നതിനായി മനഃശാസ്ത്രജ്ഞരുടെയോ കൗൺസിലർമാരുടെയോ മനോരോഗ വിദഗ്ധരുടെയോ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇവരുടെ അടുത്തേക്ക്ബാല, കൗമാര പ്രായത്തിലുള്ളവർ കൂടുതലായി ചികിത്സതേടി എത്തുന്നു എന്നതുതന്നെ അവരിൽ നല്ലൊരുഭാഗവും ചൂഷണങ്ങൾക്കു ഇരയാക്കപ്പെടുന്നു എന്നതിനു തെളിവാണ്.ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനെങ്കിലും ദുഷിച്ച ലൈംഗികതയുടെ അപകടങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്ന വിധത്തിൽ അവർക്കു അതിനെക്കുറിച്ചു വ്യക്തമായ ബോധവത്കരണം പകർന്നു നൽകാൻ നമുക്കു ശ്രമിക്കാം.